ദേശീയ സമ്പാദ്യ പദ്ധതി

ഡയറക്ടറേറ്റ് ഓഫ് നാഷണൽ സേവിംഗ്സ്

# പൗരാവകാശരേഖ

1-1-2011

PRINTED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2010

# ദേശീയ സമ്പാദ്യ പദ്ധതി

## പൗരാവകാശരേഖ

മിതവ്യയശീലവും സമ്പാദ്യമനോഭാവവും ജനങ്ങളിൽ വളർത്തി അവർ മിച്ചം വയ്ക്കുന്നതായ തുകകൾ രാജ്യത്തിന്റെ ബഹുമുഖവും ലക്ഷ്യമിട്ടിട്ടുള്ളതുമായ വികസനപ്രവർത്തനങ്ങൾ പൂർത്തീകരിക്കാനായി സമാഹരിക്കുകയെന്നുള്ളതാണ് ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രധാന ലക്ഷ്യം. കാർഷിക, വ്യാവസായിക മണ്ഡലങ്ങളിലെ ഉത്പാദനം വർദ്ധിപ്പിച്ച് വിലക്കയറ്റവും പണപ്പെരുപ്പവും തടഞ്ഞ് പണത്തിന്റെ ക്രയശക്തി ഉയർത്തി രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥ ആരോഗ്യകരമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോവുകയെന്ന ഒരു ഉദ്ദേശവും ഇതിനുണ്ട്. അതോടൊപ്പം രാജ്യത്തെ ജനങ്ങളെ രാഷ്ട്രനിർമ്മാണത്തിൽ പങ്കാളികളാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും ദേശീയ സമ്പാദ്യ പദ്ധതി ഊന്നൽ നൽകുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ സേവിംഗ്സ് ഇൻസ്റ്റിറ്റ്യൂട്ട്, തപാൽ വകുപ്പ്, കേരള സർക്കാർ എന്നിവ സംയുക്തമായിട്ടാണ് ഈ പദ്ധതിയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നത്.

(1) **നാഷണൽ സേവിംഗ്സ് ഇൻസ്റ്റിറ്റ്യൂട്ട് (കേന്ദ്ര സർക്കാർ)**.—ദേശീയ സമ്പാദ്യ പദ്ധതി വഴിയുള്ള വിവിധ പദ്ധതികൾക്ക് രൂപം കൊടുക്കുന്നതും ഇവയുടെ പലിശ നിശ്ചയിക്കുന്നതും കേന്ദ്ര സർക്കാർ ആണ്. ഈ പദ്ധതി നടത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതും കൂടാതെ ഈ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ഏജന്റുമാരുടെ നിയമനങ്ങളും കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ചാണ്. ഏജന്റുമാർക്കാവശ്യമായ ഇൻവെസ്റ്റേഴ്സ് കാർഡ്, മറ്റ് ഫാറങ്ങൾ തുടങ്ങിയവ അച്ചടിച്ചു നൽകുകയും ഏജന്റുമാരുടെ പ്രവർത്തനത്തിന് ആനുപാതികമായ കമ്മീഷൻ നൽകുകയും ചെയ്യുന്നത് കേന്ദ്ര സർക്കാരാണ്.

(2) **തപാൽ വകുപ്പ്**.—കേന്ദ്ര സർക്കാർ രൂപം നൽകിയിട്ടുള്ള വിവിധ സമ്പാദ്യ പദ്ധതികളിൽ നിക്ഷേപിക്കുന്ന തുക മുഖ്യമായും പോസ്റ്റാഫീസുകളിലാണ് സ്വീകരിക്കുന്നത്. നിക്ഷേപം സ്വീകരിക്കുക, നിക്ഷേപത്തിൻമേൽ വായ്പ നൽകുക, കാലാവധിയായ തുക തിരിച്ചു നൽകുക തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ നടത്തുന്നതും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതും തപാൽ വകുപ്പാണ്. അതോടൊപ്പം ഏജന്റുമാർക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ച കമ്മീഷൻ നൽകുന്നതും തപാൽ വകുപ്പിലൂടെയാണ്.

**കേരള സർക്കാർ**.—ഇപ്പോൾ ഏജന്റുമാരെ നിയമിക്കുന്നത് കേരള സർക്കാരാണ്. (ജില്ലാ കളക്ടർ, ബ്ളോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ എന്നിവർ). ദേശീയ സമ്പാദ്യ പദ്ധതിയിലൂടെ സമാഹരിക്കപ്പെടുന്ന മുഴുവൻ മിച്ച നിക്ഷേപ തുകയും ദീർഘകാലവായ്പയായി അതാത് സംസ്ഥാനങ്ങൾക്കുതന്നെ ലഭിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന തുക സംസ്ഥാനങ്ങൾക്ക് ലക്ഷ്യമിട്ടിട്ടുള്ള വിവിധ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാവുന്നതാണ്. അതിനാൽ തന്നെ ദേശീയ സമ്പാദ്യ പദ്ധതി വഴി

3/948/2010/DTP.

കൂടുതൽ തുക സമാഹരിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് താല്പര്യമുണ്ട്. കേരളമാകട്ടെ ഇക്കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനമാണ് നടത്തുന്നത്. സംസ്ഥാനത്ത് കൂടുതൽ നിക്ഷേപം സ്വരൂപിക്കുന്നതിനുള്ള പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ ഒരു ഡയറക്ടറേറ്റും ജില്ലാതലത്തിൽ കളക്ടറേറ്റുകൾ കേന്ദ്രീകരിച്ച് ജില്ലാ ഓഫീസുകളും പ്രവർത്തിക്കുന്നു.

ഡയറക്ടറേറ്റ്.—സംസ്ഥാന സർക്കാരിന്റെ ധനകാര്യ വകുപ്പിൻകീഴിലാണ് ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടറേറ്റ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ നിക്ഷേപ സമാഹരണപ്രവർത്തനങ്ങൾക്ക് മേൽനോട്ടവും മാർഗ്ഗനിർദ്ദേശവും നൽകുകയും ജില്ലാ ഓഫീസുകളുടെ പ്രവർത്തനം നിയന്ത്രിക്കുകയും ചെയ്യുന്നത് ഡയറക്ടറേറ്റാണ്.

**ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ആഫീസുകൾ.**—ജില്ലകളിലെ കളക്ടറേറ്റുകളിലാണ് ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസുകൾ പ്രവർത്തിക്കുന്നത്. അതാതു ജില്ലകളിലെ കളക്ടർമാർക്കാണ് ദേശീയ സമ്പാദ്യ പദ്ധതിയുടെ ചുമതല. ഓരോ വർഷത്തെയും ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപ ലക്ഷ്യം സർക്കാർ തീരുമാനിച്ച് നൽകുന്നതും ജില്ലാ കളക്ടർമാർക്കാണ്. അവരുടെ മേൽനോട്ടത്തിലാണ് ജില്ലകളിലെ ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനം നടന്നുവരുന്നത്. മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ നിന്നും ഏജൻസിക്കുള്ള അപേക്ഷ കൈകാര്യം ചെയ്യുന്നത് ജില്ലാ ഓഫീസുകളിലാണ്. ജില്ലാ ആഫീസറുടെ ശുപാർശ അനുസരിച്ചാണ് ഈ പ്രദേശങ്ങളിൽ ജില്ലാ കളക്ടർ ഏജന്റുമാരുടെ നിയമനം നടത്തുക. നിക്ഷേപ സമാഹരണ പ്രവർത്തനം അവലോകനം ചെയ്യുക, നിക്ഷേപകരുടെ സംശയങ്ങൾ നിവാരണം ചെയ്യുകയും ആവശ്യമായ സഹായം ചെയ്തുകൊടുക്കുകയും ചെയ്യുക, നിക്ഷേപങ്ങൾ ക്യാൻവാസ് ചെയ്യുക, തൃപ്തികരമായി പ്രവർത്തിക്കുന്ന ഏജന്റുമാരുടെ ഏജൻസി കാലാകാലങ്ങളിൽ പുതുക്കി നൽകുക, പ്രതിമാസ പ്രോൽസാഹന അലവൻസ് നൽകുക, ജില്ലകളിലെ മൊത്തം ഏജന്റുമാരുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുക, ഏജന്റുമാരുടെ അവലോകന മീറ്റിംഗുകൾ, ട്രെയിനിംഗ് ക്ലാസ്സുകൾ എന്നിവ നടത്തുക, ഏജന്റുമാരുടെ ബോണസ് വിതരണം ചെയ്യുക, അവരുടെ ക്ഷേമനിധി ഇൻഷ്വറൻസ്, പെൻഷൻ തുടങ്ങിയ കാര്യങ്ങളിൽ നടപടി സ്വീകരിക്കുക, നിക്ഷേപവുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേടുകൾ പോസ്റ്റൽ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് അന്വേഷിച്ചു നടപടിയെടുക്കുക തുടങ്ങിയ ചുമതലകളും ഇവർക്കുണ്ട്. നിക്ഷേപവുമായി ബന്ധപ്പെട്ട് നിക്ഷേപകരുടെയും അതുപോലെ ഏജന്റുമാരുടെ പണാപഹരണവുമായി ബന്ധപ്പെട്ട പരാതികളിലും പരിശോധന നടത്തുന്നതിന് ധനകാര്യ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ഇൻസ്പെക്ഷൻ സ്ക്വാഡുകളെയും ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ബ്ളോക്ക് ഡെവലപ്പ്മെന്റ് ഓഫീസുകൾ.**—പഞ്ചായത്ത്-ഗ്രാമപ്രദേശങ്ങളിൽ നിന്നും ഏജൻസിക്കുള്ള അപേക്ഷ കൈകാര്യം ചെയ്യുന്നതും ഏജന്റുമാരെ നിയമിക്കുന്നതും കാലാകാലങ്ങളിൽ ഏജൻസി പുതുക്കി നൽകുന്നതും ബി. ഡി. ഒ.മാരാണ്. ഏജന്റുമാരുടെ സഹായത്തോടെ ബ്ളോക്ക് പ്രദേശത്തുനിന്നും പരമാവധി നിക്ഷേപം സമാഹരിക്കുന്നതിനുള്ള ചുമതലയും ബി. ഡി. ഒ.മാർക്കുണ്ട്. ഏജന്റുമാരായി നിയമിക്കുന്നവരുടെ അലവൻസ് പാസ്സാക്കുക, അവരുടെ ക്ഷേമനിധി, പെൻഷൻ ഇൻഷ്വറൻസ് വിഹിതം പിടിച്ച് ഡയറക്ടറേറ്റിലേക്ക് നൽകുക, ആനുകൂല്യങ്ങളുടെ അപേക്ഷ എന്നിവ സ്വീകരിക്കുകയും ആയത് പരിശോധിച്ച് വേണ്ട ശുപാർശയോടെ ഡയറക്ടറേറ്റിലേക്ക് അയച്ചുനല്കുക, ഈ ആനുകൂല്യങ്ങൾ പാസ്സായി വരുമ്പോൾ വിതരണം ചെയ്യുക എന്നിവ അതാതു ബ്ളോക്കുകളിലെ ജി. ഇ. ഒ.മാരുടെ സഹായത്തോടെ ബി. ഡി. ഒ.മാരാണ് ചെയ്യുന്നത്. ബ്ളോക്ക് ഓഫീസർമാർ നിയമിച്ചിട്ടുള്ള ഏജന്റുമാർക്കെതിരെയുള്ള പരാതികളിൽ നടപടി സ്വീകരിക്കേണ്ടതും ബി. ഡി. ഒ.മാരാണ്.

## ദേശീയ സമ്പാദ്യ പദ്ധതി

**നിലവിലുള്ള പദ്ധതികൾ.**— ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾ മുഖ്യമായും പോസ്റ്റാഫീസുകളിലൂടെയാണ് സ്വീകരിക്കുന്നത്. പി. പി. എഫ്., സീനിയർ സിറ്റിസൺസ് സ്കീം എന്നീ നിക്ഷേപങ്ങൾ പോസ്റ്റാഫീസ് വഴിയും എസ്. ബി. ഐ. യുടെ ബ്രാഞ്ചുകളിലും അതിന്റെ അസോസിയേറ്റ് ബാങ്കുകളിലും രാജ്യത്തെ ചില പ്രധാന ദേശസാൽകൃത ബാങ്കുകൾ വഴിയും സ്വീകരിക്കപ്പെടുന്നു.

(1) <u>പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്.</u>—ദൈനംദിന ആവശ്യങ്ങൾക്ക് ഉപയുക്തമാകുമാറ് പണം എപ്പോൾ വേണമെങ്കിലും നിക്ഷേപിക്കാനും തിരിച്ചെടുക്കാനും സൗകര്യമുള്ള പദ്ധതിയാണ് പോസ്റ്റാഫീസ് സേവിംഗ്സ് അക്കൗണ്ട്. അക്കൗണ്ട് തുടങ്ങാൻ 50 രൂപ മതി. പോസ്റ്റാഫീസ് സേവിംഗ്സ് നിക്ഷേപത്തിന് 3.5% നിരക്കിൽ പലിശ നൽകുന്നു. പലിശ ആദായനികുതി നിയമം സെക്ഷൻ 10 അനുസരിച്ച് പൂർണ്ണമായും നികുതി വിമുക്തമാണ്.

(2) <u>അഞ്ചുവർഷം പോസ്റ്റാഫീസ് റിക്കറിംഗ് ഡെപ്പോസിറ്റ്.</u>—ഒരു വ്യക്തിക്ക് തനിച്ചോ രക്ഷിതാവിന് മൈനറുടെ പേരിലോ അക്കൗണ്ട് തുടങ്ങാം. 10 വയസ്സ് പൂർത്തിയായ കുട്ടികൾക്ക് സ്വന്തം പേരിലും അക്കൗണ്ട് തുടങ്ങാം. പത്ത് രൂപയും അതിൻമേൽ അഞ്ചുരൂപയുടെ ഗുണിതങ്ങളും പ്രതിമാസം നിക്ഷേപമായി കുറഞ്ഞത് അഞ്ച് വർഷത്തേയ്ക്ക് നിക്ഷേപിക്കാം. നിക്ഷേപത്തിന് പരിധിയില്ല.

നിക്ഷേപത്തിന് 7.5% നിരക്കിൽ കൂട്ടുപലിശ (ത്രൈമാസം പലിശ മുതലിനോട് ചേർത്ത്) ലഭിക്കുന്നതാണ്.

(3) <u>പോസ്റ്റാഫീസ് ടൈം ഡെപ്പോസിറ്റ്</u>—സ്ഥിരനിക്ഷേപമായി 200 രൂപയും അതിന്റെ ഗുണിതങ്ങളും ഒരു വർഷം, രണ്ടു വർഷം, മൂന്നു വർഷം, അഞ്ചു വർഷം എന്നീ കാലയളവുകളിലേക്ക് പോസ്റ്റാഫീസ് ടൈം ഡെപ്പോസിറ്റ് അക്കൗണ്ടിൽ

സ്വീകരിക്കുന്നു. ഒരു വ്യക്തിക്ക് സ്വന്തം പേരിലും മൈനറുടെ പേരിലും രണ്ടു വ്യക്തികൾക്ക് കൂട്ടായും അക്കൗണ്ട് ആരംഭിക്കാം.

പലിശ ത്രൈമാസമായി കണക്കാക്കി ആണ്ടുതോറും നൽകുന്നു. വിവിധ കാലയളവുകളിലേക്ക് ലഭിക്കുന്ന പലിശ താഴെ കാണിച്ചിരിക്കുന്നു:

| *അക്കൗണ്ടിന്റെ കാലയളവ്* | *ത്രൈമാസ കൂട്ടുപലിശ* |
|---|---|
| 1 വർഷം | 6.25% |
| 2 വർഷം | 6.50% |
| 3 വർഷം | 7.25% |
| 5 വർഷം | 7.50% |

(4) <u>6 വർഷ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് VIII ഇഷ്യൂ.</u>—ഉയർന്ന പലിശ നിരക്കും ആദായ നികുതി ആനുകൂല്യവും ഒത്തുചേർന്ന ഈ സർട്ടിഫിക്കറ്റുകൾ, 100 രൂപ, 500 രൂപ, 1,000 രൂപ, 5,000 രൂപ, 10,000 രൂപ എന്നീ മുഖവിലയ്ക്ക് പോസ്റ്റാഫീസുകളിൽ നിന്നും ലഭിക്കുന്നു. കാലാവധി 6 വർഷമാണ്.

നിക്ഷേപത്തിന് 8% അർദ്ധവാർഷിക നിരക്കിൽ കൂട്ടുപലിശ ലഭിക്കുന്നു. നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് VIII ഇഷ്യൂവിൽ വ്യക്തിയുടെ പേരിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ആദായ നികുതി നിയമം സെക്ഷൻ 80സി അനുസരിച്ചുള്ള നികുതിയിളവ് ലഭിക്കുന്നു.

(5) <u>കിസാൻ വികാസ് പത്ര.</u>—വ്യക്തികൾക്കും മൈനറുടെ പേരിലും നിക്ഷേപിക്കാം. ഉയർന്ന ആദായം ലഭിക്കുന്നതും നിക്ഷേപകന്റെ പേരിൽ നൽകുന്നതുമായ കിസാൻ വികാസ് പത്ര 100 രൂപ, 500 രൂപ, 1,000 രൂപ, 5,000 രൂപ, 10,000 രൂപ, 50,000 രൂപ എന്നീ മുഖവിലയ്ക്ക് പോസ്റ്റാഫീസുകളിൽനിന്നും ലഭിക്കുന്നു. നിക്ഷേപകാലാവധി 8 വർഷവും 7 മാസവുമാണ്. 8 വർഷം 7 മാസംകൊണ്ട് നിക്ഷേപം ഇരട്ടിക്കുന്നു. നിക്ഷേപത്തിന് പരിധിയില്ല.

(6) <u>മാസവരുമാന പദ്ധതി.</u>—നിക്ഷേപത്തുകയുടെ പലിശ പ്രതിമാസം ലഭിക്കുന്നു. എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. 6 വർഷമാണ് നിക്ഷേപത്തിന്റെ കാലാവധി. കുറഞ്ഞ നിക്ഷേപം 1,500 രൂപയാണ്. ഒരാൾക്ക് 4.50 ലക്ഷം രൂപയും രണ്ടുപേർക്ക് കൂട്ടായി 9 ലക്ഷം രൂപയുമാണ് പരമാവധി നിക്ഷേപിക്കാവുന്ന തുക. 1,500 രൂപയുടെ ഗുണിതങ്ങളായി തുക സ്വീകരിക്കുന്നു. 8% നിരക്കിൽ പ്രതിമാസം പലിശ ലഭിക്കുന്നു. കാലാവധിയായ 6 വർഷം കഴിയുമ്പോൾ 5% ബോണസും ലഭിക്കുന്നു (8-12-2007-നുശേഷം തുടങ്ങിയ അക്കൗണ്ടുകൾക്ക് മാത്രം).

(7) <u>പബ്ളിക് പ്രോവിഡന്റ് ഫണ്ട്.</u>—എല്ലാ ഹെഡ്പോസ്റ്റാഫീസുകളിലും സെലക്ഷൻ ഗ്രേഡ് പോസ്റ്റാഫീസുകളിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ

ബ്രാഞ്ചുകളിലും അതിന്റെ അസോസിയേറ്റ് ബാങ്കുകളിലും ദേശസാൽകൃത ബാങ്കുകളുടെ ചില ശാഖകളിലും മറ്റ് അംഗീകൃത ബാങ്കുകളിലെ ചില ശാഖകളിലും പബ്ളിക് പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് തുടങ്ങാം.

ഒരു വർഷത്തെ ഏറ്റവും കുറഞ്ഞ നിക്ഷേപം 500 രൂപയും കൂടിയത് 70,000 രൂപയുമാണ്. ഇപ്പോൾ നിലവിലുള്ള പലിശ 8% വാർഷിക കൂട്ടുപലിശയാണ്. അക്കൗണ്ടിന്റെ കാലാവധി 15 വർഷമാണ്.

ആദായനികുതി നിയമം സെക്ഷൻ 80 സി.യും സെക്ഷൻ 10-ഉം അനുസരിച്ച് നികുതിയിളവ് ലഭിക്കുന്നു. അക്കൗണ്ട് കോടതി ജപ്തിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(8) സീനിയർ സിറ്റിസൺസ് സേവിംഗ്സ് സ്കീം.—മുതിർന്ന പൗരൻമാർക്കായി 2-8-2004 മുതൽ നിലവിൽ വന്ന ഒരു പദ്ധതിയാണിത്. 60 വയസ്സ് തികഞ്ഞവർക്കും 55 വയസ്സ് കഴിഞ്ഞ് സ്വയം വിരമിച്ചവർക്കും പദ്ധതിയിൽ അംഗമാകാം. 9% വാർഷികപലിശ മൂന്നുമാസത്തിലൊരിക്കൽ ലഭിക്കുന്നു. കുറഞ്ഞത് 1,000 രൂപയും പരമാവധി 15 ലക്ഷം രൂപയും 1,000 രൂപയുടെ ഗുണിതങ്ങളിൽ നിക്ഷേപിക്കാം.

## ദേശീയ സമ്പാദ്യ പദ്ധതി—ഏജന്റുമാർ

പ്രധാനമായും മൂന്ന് തരത്തിലുള്ള ഏജന്റുമാരാണ് ദേശീയ സമ്പാദ്യ പദ്ധതിയിൽ പ്രവർത്തിക്കുന്നത്:

(1) എം. പി. കെ. ബി. വൈ. (മഹിളാ പ്രധാൻ ക്ഷത്രിയ ബജത്ത് യോജന) ഏജന്റുമാർ.—ഇവർ ആർ. ഡി. ഏജന്റുമാർ എന്നും അറിയപ്പെടുന്നു. സ്ത്രീകൾക്ക് മാത്രമാണ് ഇത്തരത്തിലുള്ള ഏജൻസി നൽകുന്നത്. കേരളത്തിലെ ദേശീയ സമ്പാദ്യപദ്ധതി കളക്ഷന്റെ നല്ലൊരു ഭാഗം ആർ. ഡി. അക്കൗണ്ടുകളിൽകൂടി സമാഹരിക്കപ്പെടുന്നവയാണ്.

മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലുള്ളവരെ ജില്ലാ കളക്ടറും ഗ്രാമ പ്രദേശങ്ങളിൽ ഉള്ളവരെ ബി. ഡി. ഒ.മാരുമാണ് ഏജന്റായി നിയമിക്കുന്നത്.

ഏജൻസി നിയമനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ഓഫീസുകളിൽ നിന്നോ ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസുകളിൽ നിന്നോ ലഭിക്കുന്നതാണ്.

(2) എസ്. എ. എസ്. ഏജന്റുമാർ.—സ്ഥിര നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി നിയമിക്കപ്പെടുന്ന ഏജന്റുമാരാണിവർ. ജില്ലാ കളക്ടറും ബി. ഡി. ഒ.മാരും ഈ ഏജന്റുമാരെ നിയമിക്കുന്നു. സ്ത്രീകൾക്കും, പുരുഷൻമാർക്കും ഒരു പോലെ ഈ ഏജൻസി നൽകുന്നതാണ്. ഏജൻസി നിയമനം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ദേശീയ സമ്പാദ്യ പദ്ധതി ജില്ലാ ആഫീസുകളിൽനിന്നോ ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസുകളിൽ നിന്നോ ലഭിക്കുന്നതാണ്.

(3) <u>പി. പി. എഫ്. ഏജന്റുമാർ.</u>—പബ്ളിക് പ്രോവിഡന്റ് ഫണ്ടിലേക്ക് നിക്ഷേപം സ്വരൂപിക്കുന്നതിനായി പ്രത്യേകം നിയമിതരാകുന്ന ഏജന്റുമാരാണിവർ. ഈ ഏജൻസിയുടെ സംസ്ഥാനത്തെ നിയമനാധികാരി ജില്ലാകളക്ടർമാർ മാത്രമാണ്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ ഈ ഏജൻസി നൽകുന്നതാണ്.

## ദേശീയ സമ്പാദ്യ പദ്ധതി വാഗ്ദാനം ചെയ്യപ്പെടുന്ന സേവനങ്ങൾ

ദേശീയ സമ്പാദ്യ പദ്ധതിയെ സംബന്ധിച്ചിടത്തോളം താഴെ പറയുന്ന വിഭാഗങ്ങൾക്ക് സേവനങ്ങൾ നൽകേണ്ടതുണ്ട്:

(1) നിക്ഷേപകർ

(2) ഏജന്റുമാർ

(3) പൊതുജനങ്ങൾ

യഥാർത്ഥത്തിൽ ദേശീയ സമ്പാദ്യ പദ്ധതിയുടെ ശക്തി നിക്ഷേപകരാണ്. കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപങ്ങൾക്കുള്ള ഉറപ്പും വിശ്വാസ്യതയും കാരണം ലക്ഷക്കണക്കിന് നിക്ഷേപകരാണ് ഇതിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നത്. തങ്ങളുടെ നിക്ഷേപത്തിന് ഉയർന്ന പലിശ, അതുപോലെ ലളിതമായ വ്യവസ്ഥകൾ, ഉദാരമായ നികുതിയിളവുകൾ, നടപടി ക്രമങ്ങളിലുള്ള ലാളിത്യം, കാലതാമസം കൂടാതെ നിക്ഷേപങ്ങൾ തിരികെ ലഭിക്കുക, ഏജന്റുമാരുടെ സത്യസന്ധവും സൗജന്യവുമായ സേവനം എന്നീകാര്യങ്ങൾ നിക്ഷേപകർ പ്രതീക്ഷിക്കുന്നവയാണ്. പോസ്റ്റാഫീസിലാണ് നിക്ഷേപം നടത്തുന്നത് എന്നതിനാലും പോസ്റ്റാഫീസ് കേന്ദ്രസർക്കാർ സ്ഥാപനങ്ങളാണ് എന്നതിനാലും സംസ്ഥാന സർക്കാരിനും സംസ്ഥാന ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിനും ഇക്കാര്യത്തിൽ ചില പരിമിതികളുണ്ട്. എന്നിരുന്നാലും ജില്ലാതലത്തിൽ പോസ്റ്റൽ കോ-ഓർഡിനേഷൻ കമ്മിറ്റി വഴിയും സംസ്ഥാന തലത്തിൽ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി വഴിയും പോസ്റ്റ്മാസ്റ്റർ ജനറൽ മുഖാന്തിരവും നിക്ഷേപകർക്കും ഏജന്റുമാർക്കും പോസ്റ്റാഫീസുകളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉറപ്പ് നൽകുന്നു.

(2) ഏജന്റുമാർക്ക് നിക്ഷേപം നൽകുമ്പോൾ ഉടൻതന്നെ റിക്കറിംഗ് ഡെപ്പോസിറ്റ് അക്കൗണ്ട് ആണെങ്കിൽ ഇൻവെസ്റ്റേഴ്സ് കാർഡിലും (ഇത് അക്കൗണ്ട് തീരുന്നതുവരെ നിക്ഷേപകന്റെ കൈവശം സൂക്ഷിക്കേണ്ടതാണ്). ഫിക്സഡ് ഡെപ്പോസിറ്റാണെങ്കിൽ, രസീത് ബുക്കിലും പണം കൈപ്പറ്റിയ തീയതി വച്ച് രസീത് വാങ്ങേണ്ടതാണ്. പോസ്റ്റാഫീസിൽ പണം നിക്ഷേപിച്ചതിന്റെ രേഖയായ പാസ് ബുക്കോ, സർട്ടിഫിക്കറ്റോ കാലതാമസം കൂടാതെ ലഭ്യമാക്കാൻ ഏജന്റിനോട് ആവശ്യപ്പെടാവുന്നതാണ്. നിക്ഷേപം നടത്തിയതിന്റെ യാഥാർത്ഥ രേഖ

പോസ്റ്റാഫീസിൽ പണം അടച്ച് സീൽ വച്ചിട്ടുള്ള പാസ്ബുക്കോ സർട്ടിഫിക്കറ്റോ ആണ്. ഈ രേഖ നിക്ഷേപകന്റെ കൈവശം സൂക്ഷിക്കേണ്ടതാണ്. നിശ്ചിത ദിവസത്തിനുള്ളിൽ പാസ്ബുക്കോ സർട്ടിഫിക്കറ്റോ ലഭ്യമായില്ലെങ്കിൽ നിക്ഷേപിക്കാൻ നൽകിയ പോസ്റ്റാഫീസിൽ അന്വേഷിക്കേണ്ടതും പോസ്റ്റാഫീസിൽ നിക്ഷേപിച്ചിട്ടില്ലായെങ്കിൽ ആയത് രേഖാമൂലം ജില്ലാ കളക്ടറേറ്റിലുള്ള ദേശീയ സമ്പാദ്യ പദ്ധതി ഓഫീസിലോ ബ്ലോക്കാഫീസിലോ പരാതിപ്പെടേണ്ടതുമാണ്.

(3) ഏജന്റുമാർക്കെതിരെ ഉണ്ടാകുന്ന പരാതികൾ പരിശോധിക്കുന്നതിനായി അതാത് ജില്ലകളിൽ ജില്ലാ ഫിനാൻസ് ഇൻസ്പെക്ഷൻ സ്ക്വാഡിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(4) ഏജന്റുമാർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ, പെൻഷൻ, മെഡിക്കൽ റീഇംപേഴ്സ്മെന്റ്, ഇൻഷ്വറൻസ്, കുട്ടികൾക്കുള്ള സ്കോളർഷിപ്പ് എന്നിവ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉറപ്പ് നൽകുന്നു.

(5) 65 വയസ്സു കഴിഞ്ഞ ഏജന്റുമാർക്ക് തങ്ങൾ അടച്ച ക്ഷേമനിധി വിഹിതം ഇതു സംബന്ധിച്ച പൂർണ്ണ അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ ഉടനെ തന്നെ നൽകുന്നുണ്ട്. ഇക്കാര്യത്തിൽ എന്തെങ്കിലും പരാതി ഉള്ളപക്ഷം അവ പരിഹരിക്കുന്നതാണെന്നും ഉറപ്പ് നൽകുന്നു.

(6) അതുപോലെതന്നെ ഏജന്റുമാർക്ക് ലഭിക്കുവാനുള്ള അലവൻസ്, ബോണസ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കാലവിളംബം കൂടാതെ സ്വീകരിക്കുമെന്ന് ഉറപ്പ് നൽകുന്നു.

(7) ദേശീയ സമ്പാദ്യ പദ്ധതികളെ സംബന്ധിച്ചും പലിശയിലുണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ച് വിവിധ മാദ്ധ്യമങ്ങളിലൂടെയും പരസ്യങ്ങൾവഴിയും പൊതുജനങ്ങൾക്കും നിക്ഷേപകർക്കും അറിവ് നൽകുന്നതിനുള്ള നടപടികൾ ഉറപ്പു നൽകുന്നു.

(8) മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാംതന്നെ കൃത്യമായ ഇടവേളകളിൽ റിവ്യൂചെയ്ത് കുറ്റമറ്റ രീതിയിൽ ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുമെന്നും ഉറപ്പു നൽകുന്നു.

(9) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന സേവനങ്ങളും ഡയറക്ടറേറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്:

(i) സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ

(ii) പബ്ളിക് റിലേഷൻ ഓഫീസർ

(iii) വനിതകൾക്കായുള്ള പരാതി പരിഹാരസെൽ.

NAMES AND ADDRESS OF OFFICERS UNDER PUBLIC INFORMATION ACT

| | | |
|---|---|---|
| Shri Issac George<br>(Director) | : | Appellate Authority<br>Phone: 0471-2473116 (Office)<br>Fax No. 0471-2473116<br>0471-2559339 (Residence). |
| Shri G. Manoj<br>(Deputy Dirtector) | : | State Information Officer<br>Phone: 0471-2470856 (Office)<br>0470-2674103 (Residence) |
| Shri C. R. Satheeshchandran<br>(Assistant Director) | : | Assistant State Information Officer<br>Phone: 0471-2470856<br>0471-2348466 (Residence). |

# ORGANIZATIONAL CHART OF NATIONAL SAVINGS DEPARTMENT

GOVERNMENT OF KERALA

FINANCE DEPARTMENT

NATIONAL SAVINGS DEPARTMENT

Director of National Savings,
Golden Jubilee Building, Opp. SMV High School,
Overbridge, Tvpm : Ph: 0471-2473116

## Directorate

- Additional Director
- Deputy Director
- Assistant Director
- Under Secretary

## District Offices

1. Deputy Director (NS), Near Old Collectorate, Vanchiyoor, Tvpm, Ph: 0471-2478731.
2. Deputy Director (NS), Collectorate, Kollam, Ph: 0474-2798127.
3. Deputy Director (NS), Collectorate, Alappuzha, Ph: 0477-2251693.
4. Deputy Director (NS), Mini Civil Station, Pathanamthitta, Ph: 0468-2222386.
5. Assistant Director (NS), Collectorate, Idukki, Ph: 04862-233005.
6. Deputy Director (NS), Collectorate, Ernakulam, Ph: 0484-2422203.
7. Deputy Director (NS), Collectorate, Kottayam, Ph: 0481-2568324.
8. Deputy Director (NS), Collectorate, Thrissur, Ph: 0487-2361566.
9. Deputy Director (NS), Collectorate, Palakkad, Ph: 0491-2505920.
10. Deputy Director (NS), Collectorate, Malappuram, Ph: 0483-2737477.
11. Deputy Director (NS), Collectorate, Kozhikode, Ph: 0495-2370678.
12. Deputy Director (NS), Collectorate, Kannur, Ph: 0497-2700973.
13. Assistant Director (NS), Collectorate, Wayanad, Ph: 04936-204260.
14. Assistant Director, Collectorate, Kasaragod, Ph: 04994-255151.

3/948/2010/DTP